**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4359** **18-03-2025 - ൽ മറുപടിയ്ക്ക്**

**വൈദ്യുതി ഉപഭോഗത്തിന്റെയും ഉൽപാദനത്തിന്റെയും കണക്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | 2024 ജനുവരി മുതൽ നാളിതുവരെയുള്ള സംസ്ഥാനത്തെ വൈദ്യുതി ഉപഭോഗത്തിന്റെയും ഉൽപാദനത്തിന്റെയും കണക്ക് മാസം തിരിച്ചും ഇനം തിരിച്ചും വ്യക്തമാക്കുമോ; | (എ) | ജനുവരി മുതൽ നാളിതുവരെയുള്ള സംസ്ഥാനത്തെ വൈദ്യുതി ഉപഭോഗത്തി ന്റെയും ഉല്പാദനത്തിന്റെയും കണക്ക് **അനുബന്ധമായി ചേർക്കുന്നു.** |
| (ബി) | സംസ്ഥാനത്തിന്റെ വൈദ്യുതി ഉപഭോഗത്തിന് പര്യാപ്തമായ അളവ് വൈദ്യുതി ഉത്പാദിപ്പിക്കാൻ സാധിക്കുന്നുണ്ടോ; ഇല്ലെങ്കിൽ ഈ കാര്യത്തിൽ സ്വയം പര്യാപ്തത കൈവരിക്കുവാൻ സാധിക്കുന്ന രീതിയിൽ എന്തെങ്കിലും പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | ഉണ്ട്. വൈദ്യുതി ഉത്പാദനത്തിൽ സ്വയം പര്യാപ്തതയിലേക്ക് സംസ്ഥാനത്തെ എത്തിക്കേണ്ടതിന്റെ ആവശ്യകത മനസ്സിലാക്കി അതിനായി താഴെ പറയുന്ന ചെറുകിട/ വൻകിട ജല വൈദ്യുത പദ്ധതികൾ നടപ്പിലാക്കി വരുന്നു. |

| **നമ്പർ** | **പദ്ധതി** | **ശേഷി (MW)** |
|---|---|---|
| 1 | പള്ളിവാസൽ | 60 |
| 2. | അപ്പർ ചെങ്കുളം | 24 |
| 3 | പൊരിങ്ങൽകുത്ത്<br>സ്മോൾ ടർബൈൻ | 0.036 |
| 4 | ഭൂതത്താൻകെട്ട് | 24 |
| 5 | പഴശ്ശിസാഗർ | 7.5 |
| 6 | ചിന്നാർ | 24 |
| 7 | ഒലീക്കൽ | 5 |
| 8 | പൂവാരംതോട് | 3 |
| 9 | മാങ്കുളം | 40 |
| 10 | കുറ്റ്യാടി RMU പദ്ധതി (3x2.5 MW to 3x 27.50 MW) | 7.50 |
| 11 | ചെങ്കുളം ഓഗ്മെന്റേഷൻ പദ്ധതി (85 Mu) | |

| | | |
|---|---|---|
| | **ആകെ ശേഷി** | **195.036 MW** |

കൂടാതെ 92 MW മൊത്തം സ്ഥാപിത ശേഷിയുള്ള 13 ചെറുകിട ജല വൈദ്യുത പദ്ധതികൾ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുന്നോടിയായിട്ടുള്ള പ്രവർത്തനങ്ങളുടെ (സ്ഥലമേറ്റെടുപ്പ് ഉൾപ്പടെയുള്ളവ) വിവിധ ഘട്ടങ്ങളിലാണ്.

ഇടുക്കി സുവർണ്ണ ജൂബിലി പദ്ധതി (800 MW/ 1301 Mu), ശബരിഗിരി എക്സ്റ്റൻഷൻ സ്കീം (450 MW/834.16 Mu), ലക്ഷ്മി ജല വൈദ്യുത പദ്ധതി (240 MW/ 347 Mu) എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ ആവശ്യമായ അനു മതികൾ ലഭ്യമാക്കുന്നതിനും വിശദമായ പ്രോജക്ട് റിപ്പോർട്ട് പൂർത്തീകരിക്കുന്ന തിനുമുള്ള നടപടികൾ പുരോഗമിക്കുന്നു.

കൂടാതെ ഏകദേശം 3150 MW സ്ഥാപിതശേഷി വരുന്ന പമ്പ്ഡ് സ്റ്റോറേജ് പദ്ധതികളുടെ പര്യവേഷണവും പ്രാരംഭ പഠന റിപ്പോർട്ട് തയ്യാറാക്കുന്ന ജോലികളും നടന്നുവരുന്നു. ഇതിൽ 2 പദ്ധതികൾ (മഞ്ഞപ്പാറ, മുതിരപ്പുഴ) നടപ്പിലാക്കുന്നതിന് സർക്കാർ തത്വത്തിലുള്ള അനുമതി നൽകിയിട്ടുണ്ട്. ഈ രണ്ടു പദ്ധതികളും 2030 -ൽ പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

കൂടാതെ വിവിധ പദ്ധതികളുടെ ഇൻവെസ്റ്റിഗേഷൻ/ ഡി.പി.ആർ തയ്യാറാക്കൽ പ്രവൃത്തികളും നടന്നു വരുന്നു.

നിലവിൽ സംസ്ഥാനത്തിന്റെ വൈദ്യുതി ആവശ്യകതയുടെ ശരാശരി 30% മാത്രമാണ് ആഭ്യന്തരമായി ഉൽപ്പാദിപ്പിക്കാൻ സാധിക്കുന്നത്. വേനൽക്കാലത്ത് രാത്രി സമയത്തെ വൈദ്യുതി ആവശ്യകത ഏകദേശം 6000 MW വരും. എന്നാൽ ആഭ്യന്തര ഉത്പാദന ശേഷി 4347.8 MW മാത്രമാണ്; ഇതിൽത്തന്നെ ഉദ്ദേശം 1516.02 MW ശേഷി സോളാർ നിലയങ്ങളുടേതാകയാൽ വൈദ്യുതി ആവശ്യകത കൂടി നിൽക്കുന്ന സമയങ്ങളിൽ (night peak) ലഭ്യമാകുന്നുമില്ല. ഇതിനാൽ തന്നെ സംസ്ഥാനത്തിന്റെ വൈദ്യുതി ആവശ്യകതയുടെ സിംഹഭാഗവും നിറവേറ്റുന്നത് സംസ്ഥാനത്തിനു പുറത്ത് നിന്നും അന്തർ സംസ്ഥാന ലൈനുകളിലൂടെ വൈദ്യുതി എത്തിച്ചാണ്. 2022-24 കാലയളവിൽ വൈദ്യുതി ഉപഭോഗത്തിലുള്ള വളർച്ചാ നിരക്ക് 8 ശതമാനത്തിലും കൂടിയിരുന്നു. വരും വർഷങ്ങളിലും ഇതേ വളർച്ചാ നിരക്ക് കണക്കാക്കുകയാണെങ്കിൽ അടുത്ത 6 വർഷ കാലയളവിൽ വൈദ്യുതി ആവശ്യകത ഏകദേശം 10000 MW എത്താനുള്ള സാധ്യതയുണ്ട്. 2040 ഓടു കൂടി സംസ്ഥാനത്തിന്റെ വൈദ്യുതി ആവശ്യകത പൂർണ്ണമായും

പുനരുപയോഗ ഊർജ്ജ സ്രോതസ്സുകളിൽ നിന്ന് ആകണം എന്ന സംസ്ഥാനത്തിന്റെ ലക്ഷ്യം മുൻനിർത്തി ആഭ്യന്തര ഉത്പാദനം പരമാവധി ഉയർത്താനും സ്റ്റോറേജ് സംവിധാനങ്ങൾ നടപ്പിലാക്കാനുമാണ് ഉദ്ദേശിക്കുന്നത്. ഇതിന്റെ ഭാഗമായി കൂടുതൽ സൗരോർജ്ജ നിലയങ്ങൾ, കാറ്റാടിപ്പാടങ്ങൾ, വൻകിട / ചെറുകിട ജല വൈദ്യുത പദ്ധതികൾ, പമ്പ്ഡ് സ്റ്റോറേജ് നിലയങ്ങൾ, ബാറ്ററി സ്റ്റോറേജ് സംവിധാനങ്ങൾ എന്നിവ സ്ഥാപിക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. നിലവിൽ 187.536 MW ശേഷിയുള്ള 10 ജലവൈദ്യുതി പദ്ധതികളുടെ നിർമ്മാണം നടന്നുവരുന്നു; ഇതിലുൾപ്പെടുന്ന 60 MW ന്റെ പള്ളിവാസൽ പദ്ധതിയുടെ ആദ്യത്തെ മെഷീൻ 05.11.2024 നും രണ്ടാമത്തെ മെഷീൻ 26.11.2024 നും ഗ്രിഡുമായി ബന്ധിപ്പിക്കുകയും 72 മണിക്കൂർ വിജയകരമായി പ്രവർത്തനം പൂർത്തിയാക്കുകയും ചെയ്തു. കൂടാതെ 92 MW ശേഷിയുള്ള 13 ചെറുകിട പദ്ധതികൾ 2030 നുള്ളിൽ പൂർത്തീകരിക്കും. ഇതിനുപുറമേ വരും വർഷങ്ങളിൽ ഏകദേശം 1500 MW വൻകിട ജലവൈദ്യുതി പദ്ധതികളിൽ നിന്നും കണ്ടെത്താൻ ഉദ്ദേശിക്കുന്നു. 800 MW സ്ഥാപിത ശേഷിയുമായി ഇടുക്കി പദ്ധതിയുടെ രണ്ടാം ഘട്ടം, 240 MW ശേഷിയിൽ ലക്ഷ്മി പദ്ധതി, 450 MW ശേഷിയുള്ള ശബരിഗിരി എക്സ്റ്റെൻഷൻ പദ്ധതി എന്നിവയ്ക്കുപുറമേ പതിനഞ്ചോളം മറ്റ് ജലവൈദ്യുതി പദ്ധതികളും പരിഗണനയിൽ ഉണ്ട്. ഈ കാലയളവിനുള്ളിൽ 450 MW വരെ കാറ്റാടി നിലയങ്ങളിൽ നിന്ന് കണ്ടെത്താൻ സാധിക്കും എന്ന് കരുതുന്നു. 2030ഓടുകൂടി സോളാർ സ്ഥാപിത ശേഷി 3000-3500 MW ആകാൻ ഇടയുണ്ട്. പകൽ സമയം മിച്ചവൈദ്യുതിയും രാത്രികാലങ്ങളിൽ കടുത്ത കമ്മിയും എന്ന സ്ഥിതി വരും വർഷങ്ങളിൽ കൂടുതൽ പ്രകടമാകും എന്ന് കരുതുന്നു. ഇത് കണക്കിലെടുത്ത് സ്റ്റോറേജ് നിലയങ്ങൾ സ്ഥാപിക്കും. വരുംവർഷങ്ങ ളിൽ പത്ത് നിലയങ്ങളിൽ നിന്നായി 3150 MW പമ്പ്ഡ് സ്റ്റോറേജ് നിലയങ്ങളും ഏകദേശം 2000 MW/5000 MWh ശേഷിയുള്ള ബാറ്ററി സ്റ്റോറേജ് പദ്ധതികളും ആവശ്യാനുസരണം കേരളത്തിൽ സ്ഥാപിക്കാനാണ് ഉദ്ദേശിക്കുന്നത്. ആദ്യ ഘട്ടത്തിൽ 250 MW/ 1000 MWh BESS ഉടൻ തന്നെ നടപ്പിലാക്കും. ഊർജ്ജ സ്വയംപര്യാപ്തത ലക്ഷ്യമാക്കി വിഷൻ-2030 എന്ന പദ്ധതി വിഭാവനം ചെയ്യുകയും ഇതിൽ ഉൾപ്പെടുത്തി മുകളിൽ വിവരിച്ച വിവിധ പദ്ധതികൾ നടപ്പിലാക്കാൻ ലക്ഷ്യമിടുകയുമാണ്.

സംസ്ഥാനത്തിന്റെ വൈദ്യുതി ഉപഭോഗത്തിനു പര്യാപ്തമായ അളവ് വൈദ്യുതി ഉത്പാദിപ്പിക്കുവാൻ ലക്ഷ്യമിട്ടു കൊണ്ട്, സൗരോർജ്ജ ഉല്പാദന മേഖലയിൽ സംസ്ഥാനത്തു ഇപ്പോൾ നടപ്പിലാക്കിവരുന്ന ഗാർഹിക

ഉപഭോക്താ ക്കൾക്കുള്ള പ്രധാന മന്ത്രി സൂര്യ ഘർ മുഫ്ത് ബിജ്‌ലി യോജനയിലൂടെ, 2026-27 സാമ്പത്തിക വർഷത്തിനുള്ളിൽ 384800 പുരപ്പുറ സോളാർ പ്ലാന്റിലൂടെ 1154.4 മെഗാവാട്ട് സ്ഥാപിത ശേഷി കൈവരിക്കുവാനുള്ള പ്രവർത്തികൾ നടന്നു വരുന്നു. കൂടാതെ, 31.12.2025 ൽ അവസാനിക്കുന്ന പി എം കുസും പദ്ധതിയിലൂടെ 17 മെഗാവാട്ട് സ്ഥാപിത ശേഷിയും, 2025-26 സാമ്പത്തിക വർഷം പൂർത്തിയാക്കാൻ ലക്ഷ്യമിടുന്ന 50 MW ന്റെ വെസ്റ്റ് കല്ലട ഫ്ലോട്ടിങ് സോളാർ പദ്ധതിയും സമയബന്ധിതമായി പൂർത്തീക രിക്കുവാനുള്ള ശ്രമങ്ങൾ നടന്നു വരുന്നു.

ഇതുവരെ സൗര പുരപ്പുറ സോളാർ പദ്ധതിയുടെ കീഴിൽ 203.34 മെഗാവാട്ടിന്റെ 49402 നിലയങ്ങൾ കമ്മീഷൻ ചെയ്തു. കൂടാതെ MNRE DBT സ്കീം, പ്രധാന മന്ത്രി സൂര്യ ഘർ യോജന, പി എം കുസും, സോളാർ സിറ്റി, ഡാം ടോപ്പ്, കനാൽ ടോപ്പ്, ഗ്രൗണ്ട് ടോപ്പ്, വിവിധ ഗവൺമെൻറ് കെട്ടിടങ്ങളിലെ പുരപ്പുറ സോളാർ, ഫ്ലോട്ടിങ്ങ് സോളാർ തുടങ്ങി വിവിധ പദ്ധതികളിലായി 28.02.2025 വരെ ആകെ 215188 നിലയങ്ങൾ സ്ഥാപിച്ചത് വഴി 1517.193 MW ഗ്രിഡിലേക്കു കൂട്ടിച്ചേർക്കാൻ കഴിഞ്ഞിട്ടുണ്ട്.

കൂടാതെ വിൻഡ് മേഖലയിൽ 300 മെഗാവാട്ടിന്റെ wind energy പദ്ധതികൾ, IPP മോഡലിൽ വിൻഡ് ഡെവലപ്പർ സ്വയം കണ്ടെത്തുന്ന സ്ഥലത്തു നടപ്പിലാക്കാൻ ടെൻഡർ നടപടികൾ തുടങ്ങി കഴിഞ്ഞു. അതുപോലെ തന്നെ, കാറ്റിന്റെ ശക്തി താരതമ്യേന കൂടുതൽ ഉള്ള രാമക്കൽമേട്, പാപ്പൻപാറ, മാൻകുത്തിമേട്, അഗളി, പൊന്മുടി മുതലായ സ്ഥലങ്ങളിലെ റവന്യൂ ഭൂമി / ഉപയോഗ ശൂന്യമായ ഭൂമി / ആദിവാസി ഭൂമി എന്നിവയിൽ നിന്നും 350 മെഗാവാട്ടിന്റെ wind energy പദ്ധതികൾ, IPP മോഡലിൽ നടപ്പിലാക്കാൻ ടെൻഡർ നടപടികൾ തുടങ്ങി കഴിഞ്ഞു. ഇതോടൊപ്പം ചെറുകിട കാറ്റാടി യന്ത്രം (2, 3 & 5 kW) പ്രോത്സാഹിപ്പിക്കാൻ വേണ്ടി, കേരളത്തിലെ വിവിധ ഭാഗങ്ങളിൽ ചെറുകിട കാറ്റാടി യന്ത്രങ്ങൾ സ്ഥാപിക്കുന്നതിനുള്ള നടപടിയും തുടങ്ങി കഴിഞ്ഞു.

ഇതിനുപുറമെ വൈദ്യുതി ഉപഭോഗത്തിനു സ്വയംപര്യാപ്തത ലക്ഷ്യമിട്ടു വർദ്ധിച്ചുവരുന്ന പുനരുപയോഗ അധിഷ്ഠിത വൈദ്യുതിയെ ഗ്രിഡിലേക്ക് സംയോജിപ്പിക്കുന്നതിന് നൂതന ഊർജ്ജ സംരക്ഷണ സംവിധാനമായ ബാറ്ററി എനർജി സ്റ്റോറേജ് സിസ്റ്റം (BESS) സ്ഥാപിക്കുവാൻ നടപടി സ്വീകരിച്ചുവരുന്നു. ഇത് നടപ്പിലാക്കുന്നത് വഴി പകൽ ലഭ്യമായ അധിക സൗരോർജ്ജം സംഭരിച്ച് വൈദ്യുതി കൂടുതൽ ആവശ്യമായി വരുന്ന വൈകുന്നേരങ്ങളിൽകൂടിയ വിലയ്ക്ക് വാങ്ങുന്ന വൈദ്യുതിക്ക് പകരമായി ലഭ്യമാക്കുവാൻ കഴിയും. കെഎസ്ഇ ബിയുടെ 5 സബ്സ്റ്റേഷനുകളിലായി ആകെ

| | | | |
|---|---|---|---|
| | | | 250MW /1000MWh ശേഷിയുള്ള BESS സ്ഥാപിക്കുന്നതിനുള്ള ടെൻഡർ ക്ഷണിച്ച് തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. സോളാർ എനർജി കോർപ്പറേഷൻ ഓഫ് ഇന്ത്യ (SECI), നാഷണൽ ഹൈഡ്രോ പവർ കോർപ്പറേഷൻ (NHPC) എന്നീ ഏജൻസികൾ വഴി കേന്ദ്ര സഹായത്തോടെ പദ്ധതി നടപ്പിൽ വരുത്തുന്നത്. 125MW/500MWh കപ്പാസിറ്റി യുടെ രണ്ട് പദ്ധതികളാണ് നടപ്പിലാക്കുന്നത്. കേന്ദ്ര ഊർജ്ജമന്ത്രാലയത്തിന്റെ 135 കോടി രൂപയുടെ സാമ്പത്തിക അനുമതിയോടെയാണ് ഇവ ഓരോന്നും നടപ്പിൽ വരുത്തുന്നത്. |
| (സി) | വേനൽക്കാലത്ത് വൈദ്യുതിക്ഷാമം അനുഭവപ്പെടാതിരിക്കാൻ കെ.എസ്.ഇ.ബി. എന്തൊക്കെ മുൻകരുതലുകളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (സി) | 2025 വർഷത്തെ വേനൽ കാലത്തു സംസ്ഥാനത്തിന്റെ അധിക ഊർജ്ജ ആവശ്യം മുന്നിൽ കണ്ടു വൈദ്യുതി ആവശ്യകതയും വിപണിയിലെ ലഭ്യതയും സ്ഥിതിയും വിലയിരുത്തി വൈദ്യുതി ക്ഷാമം ഉണ്ടാകാതിരിക്കാനുള്ള നടപടികൾ കെ.എസ്.ഇ.ബി.എൽ സ്വീകരിച്ചു വരുകയാണ്.<br><br>ഇതിന്റെ ഭാഗമായി 2025 മാർച്ച് മാസത്തേക്ക് 300 മെഗാവാട്ടും ഏപ്രിൽ മാസത്തേക്ക് 695 മെഗാവാട്ടും, മെയ് മാസത്തേക്ക് 250 മെഗാവാട്ടും മുഴുവൻ സമയ ലഭ്യതയിൽ വൈദ്യുതി' വാങ്ങുവാനുള്ള ഹ്രസ്വ കാല കരാറിൽ സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ അനുമതിയോടെ ഏർപ്പെട്ടിട്ടുണ്ട്. കൂടാതെ അധിക വൈദ്യുതി ആവശ്യമായി വരുന്ന പീക്ക് സമയത്തേക്ക് ഏപ്രിലിലും മേയ്യിലും 355 മെഗാവാട്ട് വീതമുള്ള ഹ്രസ്വകാല കരാറുകളിലും ഏർപ്പെട്ടിട്ടുണ്ട്. എന്നാൽ നിലവിൽ അനുഭവപ്പെടുന്ന കടുത്ത വേനൽ മൂലം ഉപഭോഗം ക്രമാതീതമായി ഉയരുന്നതിനാൽ ഏപ്രിൽ മെയ് മാസങ്ങളിലെ അധിക ആവശ്യകത നിറവേറ്റാനായി ഒരു ഹ്രസ്വകാല ടെൻഡർ കൂടി ക്ഷണിച്ചിട്ടുമുണ്ട്.<br><br>കൂടാതെ വർധിച്ചുവരുന്ന വൈദ്യുതി ആവശ്യകത മുന്നിൽ കണ്ടുസംസ്ഥാന സർക്കാരിന്റെയും കെ.എസ്.ഇ.ബി.എൽ ന്റെയും നിരന്തര അഭ്യർത്ഥന പ്രകാരം 2024 ഒക്ടോബർ മുതൽ തന്നെ കേന്ദ്രവിഹിതമായി NTPC യുടെ ബാർ നിലയത്തിൽ നിന്നും 177 MW അധിക വിഹിതം ലഭിച്ചുവരുന്നു. 2025 ജൂൺ വരെ ഈ വൈദ്യുതി ലഭ്യമാകും. ഇതിനു പുറമെ NTPC നിലയങ്ങളിൽ നിന്നും 400-450 MW വൈദ്യുതി വിഹിതവും കേന്ദ്ര ഊർജ്ജ മന്ത്രാലയത്തോട് ആവശ്യപെട്ടിട്ടുമുണ്ട്.<br><br>ഇതിനുപുറമെ കെ.എസ്.ഇ.ബി.എൽ വിവിധ ബാങ്കിങ് / കൈമാറ്റ കരാറുകളിലും ഏർപ്പെട്ടകയുണ്ടായി. ഇത് പ്രകാരം 2024 മെയ് മുതൽ സെപ്റ്റംബർ വരെയുള്ള മാസങ്ങളിൽ കെ.എസ്.ഇ.ബി.എൽ നൽകിയ വൈദ്യുതി സംസ്ഥാനത്തിന് വൈദ്യുതി അധികം ആവശ്യമുള്ള |

| | | | |
|---|---|---|---|
| | | | 2025ഏപ്രിൽ മാസത്തിൽ തിരികെ ലഭ്യമാവുന്നതാണ്. ഇതിനു പുറമെ 2025 മാർച്ച് ഏപ്രിൽ മെയ് മാസങ്ങളിലേക്കായി മറ്റു ബാങ്കിങ് കരാറുകളിലും ഏർപ്പെട്ടിട്ടുണ്ട്.<br><br>വിശദാംശങ്ങൾ ഇപ്രകാരമാണ്.<br><br>പഞ്ചാബ് PsPCL-308 MW - 1.4.25 to 30.4.25<br><br>പഞ്ചാബ് PsPCL-145 MW-1.4.25 to 15.4.25<br><br>മണിഹരൺ - 160 MW - 16.3.25 to 31.5.25<br><br>ഉത്തർപ്രദേശ് UPPCL - 400 MW - 1.3.25 to 31.3.25<br><br>APPCL- 52.5 MW - 1.4.25 to 30.4.25<br><br>UP - 200-500 MW - 1.3.25 to 31.3.25<br><br>PSPCL - 100 - 200 MW - 1.3.25 to 15.4.25<br><br>സംസ്ഥാനത്ത് വേനൽകാലത്ത് അനുഭവപ്പെട്ടേക്കാവുന്ന വർധിച്ച വൈദ്യുതി ഉപയോഗം തടസമില്ലാതെ നിറവേറ്റുന്നതിനായി ആവശ്യമായ മുൻകരുതലുകൾ എടുത്തിട്ടുണ്ട്. ഹ്രസ്വകാല കരാർ പ്രകാരവും പവർ സ്വാപ്പിങ് മുഖേനയും വൈദ്യുതി ലഭ്യമാക്കിയിട്ടുണ്ട്. ആഭ്യന്തര ഉത്പാദനം പരമാവധി ലഭിക്കുന്നതിനായി ജനറേറ്ററുകളുടെ അറ്റകുറ്റപണി സമയ ബന്ധിതമായി നടത്തുന്നതിന് നടപടികൾ എടുത്തിട്ടുണ്ട്.<br><br>മാർച്ച് മാസം 1 –ാം തീയ്യതിയിലെ കണക്കുകൾ പ്രകാരം സംസ്ഥാനത്തെ എല്ലാ ജലസംഭരണികളുമായി 2337.6 ദശ ലക്ഷം യൂണിറ്റ് വൈദ്യുതി ഉത്പാദിപ്പിക്കാനുള്ള വെള്ളം സംഭരിച്ചിട്ടുണ്ട്. ഇത് കഴിഞ്ഞ വർഷം ഇതേ ദിവസവുണ്ടായിരുന്ന സംഭരണത്തെക്കാൾ കൂടുതലാണ്.<br><br>വേനൽക്കാലത്തെ അധിക വൈദ്യുതി ആവശ്യകത മുൻകൂട്ടി കണ്ട് ഉത്തരേന്ത്യയിലെ മറ്റു സംസ്ഥാനങ്ങളുമായി പവർ സ്വാപ്പിങ് മുഖേന വൈദ്യുതി ലഭ്യമാക്കുന്നതിനു വേണ്ട നടപടികൾ എടുത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

| Month | Internal Generation ( MU) | | | | | Import from outside state ( MU) | | | | | | | | | | | | CONSUMPTION (MU) |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | HYDRO | WIND | SOLAR | THERMAL & CoGEN | Total | CGS | LTA | REMC | Power Exchange - Purchase | SWAP | DEEP | MTOA | SWAP RETURN | Deviation | Power Exchange-SALE | Net Open Access | Total | |
| Jan-24 | 428.34 | 6.34 | 41.12 | 6.17 | 481.96 | 1011.40 | 494.33 | 26.01 | 187.62 | 71.52 | 128.31 | 183.90 | -46.50 | 24.98 | -18.79 | 4.20 | 2066.99 | 2548.95 |
| Feb-24 | 431.47 | 7.90 | 44.20 | 5.43 | 489.01 | 859.19 | 462.71 | 31.42 | 298.27 | 120.64 | 167.22 | 110.49 | 0.00 | 33.45 | -1.69 | 16.00 | 2097.71 | 2586.72 |
| Mar-24 | 503.33 | 3.57 | 45.62 | 6.03 | 558.56 | 994.12 | 428.85 | 37.67 | 438.13 | 239.61 | 157.77 | 137.57 | 0.00 | 35.83 | -2.81 | 31.45 | 2498.20 | 3056.76 |
| Apr-24 | 574.60 | 4.89 | 43.96 | 8.35 | 631.79 | 1015.04 | 462.63 | 94.24 | 479.31 | 67.06 | 300.37 | 81.68 | 0.00 | 39.49 | -2.11 | 21.60 | 2559.29 | 3191.08 |
| May-24 | 548.16 | 9.67 | 34.44 | 6.86 | 599.13 | 1031.42 | 458.24 | 125.01 | 446.52 | 0.00 | 291.47 | 180.81 | -98.85 | 17.17 | -228.74 | 24.32 | 2247.37 | 2846.51 |
| Jun-24 | 750.03 | 15.53 | 30.34 | 6.86 | 802.76 | 812.38 | 460.59 | 124.80 | 239.14 | 0.00 | 13.73 | 187.68 | -184.19 | 24.34 | -68.62 | 25.88 | 1635.72 | 2438.48 |
| Jul-24 | 916.04 | 21.01 | 27.58 | 7.81 | 972.44 | 840.61 | 431.02 | 117.01 | 184.50 | 28.02 | 1.93 | 0.00 | -248.80 | 30.22 | -18.38 | 30.25 | 1396.36 | 2368.80 |
| Aug-24 | 1003.89 | 13.96 | 35.49 | 7.31 | 1060.65 | 939.98 | 462.29 | 100.67 | 192.97 | 0.00 | 0.00 | 0.00 | -315.59 | 28.60 | -15.03 | 38.55 | 1432.44 | 2493.08 |
| Sep-24 | 822.25 | 18.46 | 39.88 | 7.15 | 887.74 | 933.17 | 456.29 | 104.92 | 374.17 | 0.00 | 0.00 | 0.00 | -338.56 | 25.47 | -0.03 | 34.79 | 1590.22 | 2477.96 |
| Oct-24 | 604.02 | 4.59 | 38.63 | 6.26 | 653.51 | 1066.53 | 461.35 | 102.44 | 25.53 | 0.00 | 209.16 | 0.00 | 0.00 | 17.84 | -2.72 | 38.24 | 1918.37 | 2571.88 |
| Nov-24 | 514.66 | 3.99 | 37.90 | 7.26 | 563.81 | 977.52 | 443.01 | 89.36 | 163.66 | 0.00 | 253.93 | 0.00 | -30.53 | 28.78 | -1.11 | 37.92 | 1962.54 | 2526.35 |
| Dec-24 | 426.57 | 6.16 | 38.95 | 7.58 | 479.26 | 966.91 | 378.42 | 94.74 | 187.89 | 126.00 | 254.43 | 0.00 | 0.00 | 34.30 | -9.66 | 35.09 | 2068.12 | 2547.38 |
| Total | 7523.35 | 116.08 | 458.12 | 83.07 | 8180.62 | 11448.26 | 5399.73 | 1048.28 | 3217.70 | 652.86 | 1778.32 | 882.13 | -1263.02 | 340.47 | -369.69 | 338.29 | 23473.33 | 31653.95 |

Section officer